(സി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിനായി ജലസേചന വകുപ്പിലെ എല്ലാ താൽക്കാലിക തസ്തികകൾക്കും 31-3-2016 വരെ തുടർച്ചാനുമതി നൽകിക്കൊണ്ട് 15-2-2016-ലെ സ.ഉ.(ആർ.റ്റി.)നം. 134/2016/ ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കി ബാക്കിയുള്ളവ സ്ഥിരം തസ്തികകളാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ചിട്ടുള്ളനിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

കല്ലട ജലസേചന പദ്ധതിയിലെ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ

143 (2423) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി ചിറക്കര ഗ്രാമപഞ്ചായത്തിലെ 23-ാം കിലോമീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും അപേക്ഷയും, നിയമസഭയിൽ സബ്മിഷനും ഉന്നയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലേക്ക് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; അവ ഒഴിവാക്കുന്നതിലേക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം ആരംഭിച്ച് ചിറക്കര, പൂതക്കുളം, പരവൂർ എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിലേക്ക് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇനി നടപ്പാക്കുവാനുള്ളത്; ഇതിലേക്ക് ഏത്ര രൂപാ ആവശ്യമായി വരുമെന്ന് അറിയിക്കുമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻവേണ്ടി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം 10 കോടിരൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ടി പ്രവൃത്തികൾ 'പ്രധാൻമന്ത്രി കൃഷി സിഞ്ചയി യോജന' (PMKSY)-യിൽ ഉൾക്കൊള്ളിച്ച് നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചുവരികയാണ്.

1. KIP (LB) formation of Kottappuram minor distributory from ch.0 cm to 1200 m including CD works (Balance work)
2. KIP (LB) formation of Kottappuram minor distributory from ch.1200 m to 2570 m including CD works (Balance work)
3. KIP (LB) formation of Bhoothakulam minor distributory from ch.0 cm to 3350 m and Bhoothakulam sub minor from Ch.0 m to 403 m including CD works (Balance work) revamping of Paravoor distributory from Ch.0 m to 23000 m.
4. Revival of Chirakkarathazham lift irrigation Ch. 23000 m of Paravoor Distributory.
5. Rectification of Paravoor distributory from ch. 23000 m to 32330m (Silt removal, lining of canal, rectification of acqueduct etc.)
6. Revamping of Paravoor distributory of ch. 0 m to 23000 m.

(ഡി) ആവശ്യമായ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാങ്കേതിക പരിശോധനയ്ക്കുശേഷം പദ്ധതി പൂർത്തീകരിക്കുന്നതാണ്.

വക്കം, ചെറുന്നിയൂർ പ്രദേശത്തെ വ്യാപകമായ കായൽകയ്യേറ്റം

144 (2424) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ പഞ്ചായത്തുകളോട് ചേർന്നുള്ള കായൽ പ്രദേശത്ത് വ്യാപകമായ കായൽകയ്യേറ്റം നടക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കയ്യേറ്റക്കാർക്കെതിരെ എന്തെല്ലാം നിയമനടപടി സ്വീകരിച്ചുവെന്നും ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly